ഉത്തരം

(എ-ജി) വിവരം ശേഖരിച്ചു നല്കുന്നതാണ്.

ആലപ്പുഴ പുളിങ്കുന്നൽ എഞ്ചിനീയറിംഗ് കോളേജിനു വേണ്ടി കൊച്ചിൻ യൂണിവേഴ്സിറ്റി വാങ്ങിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം

138 (3015) ശ്രീ. കെ. ബാബു :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിലെ പുളിങ്കുന്നൽ എഞ്ചിനീയറിംഗ് കോളേജിനു വേണ്ടി കൊച്ചിൻ യൂണിവേഴ്സിറ്റി വാങ്ങിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം നിയമപരമായി രേഖാമൂലം യൂണിവേഴ്സിറ്റിക്ക് കൈമാറിയിട്ടുണ്ടോ ;

(ബി) സ്ഥലം കൈമാറ്റം നടക്കുന്നതിനു മുൻപേ ഭീമമായ തുക ചെലവഴിച്ച് ഈ കായൽ നിലം നികത്തുന്നതിന് സർവ്വകലാശാല നടപടികൾ ആരംഭിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സെന്ററിന് എന്ത് വില പ്രകാരമാണ് സർവ്വകലാശാല ഈ ഭൂമി വാങ്ങുന്നത്; എത്ര ഏക്കർ ഭൂമിയാണ് വാങ്ങുന്നത്;

(ഡി) ഇതിലും കുറഞ്ഞ വിലയ്ക്ക് ആലപ്പുഴ ജില്ലയിൽ തന്നെ കോളേജിനു പറ്റിയ നിരപ്പായ സ്ഥലം ലഭ്യമാണെന്നുള്ള വസ്തുത സർവ്വകലാശാല പരിശോധിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഉയർന്ന വിലയ്ക്ക് ഈ കായൽ നിലം വാങ്ങുവാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കുമോ ;

(എഫ്) ഈ ഭൂമിയിൽ മണ്ണിട്ട് നികത്തുന്നതിന് സെന്റൊന്നിന് എത്ര രൂപയാണ് എസ്റ്റിമേറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്; മണ്ണിട്ട് നികത്തുന്നതിനുള്ള മൊത്തം ചെലവ് എത്ര രൂപയാകും ;

(ജി) ഇതിന് അംഗീകാരം നൽകുന്നതിനായി സ്പെഷ്യൽ സിൻഡിക്കേറ്റ് യോഗം കൂടിയിരുന്നോ ;

(എച്ച്) പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനും നികത്തുന്നതിനും കൊച്ചിൻ യൂണിവേഴ്സിറ്റി കൈക്കൊണ്ട തീരുമാനങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ-എച്ച്) വിവരം ശേഖരിച്ചു നല്കുന്നതാണ്.

സൈനിക സ്കൂൾ കേഡറ്റുകൾക്ക് സ്കോളർഷിപ്പ്

139 (3016) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈനിക സ്കൂൾ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കാനായി രക്ഷകർത്താക്കളുടെ വരുമാനം 5-ാം ശമ്പളക്കമ്മീഷൻ അനുസരിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

ശമ്പളത്തിന് ആനുപാതികമായി ഉയർത്തണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരിൽ നിന്നെല്ലാമാണ് നിവേദനം ലഭിച്ചതെന്നും നിവേദനത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) വരുമാന പരിധി ഉയർത്താത്തതിനാൽ വളരെ അധികം കുട്ടികൾ സ്കോളർഷിപ്പ് പരിധിയിൽ നിന്നും പുറത്താവുമെന്ന കാര്യവും 1996 മുതൽ 2000 വരെ അഡ്മിഷൻ ലഭിച്ചതിൽ ഭൂരിഭാഗത്തിനും സ്കോളർഷിപ്പ് ലഭിച്ചിട്ടില്ല എന്ന കാര്യവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ ;

(ഡി) ഇൻകം സ്ലാബ് ഉയർത്താനുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സൈനിക സ്കൂൾ കുട്ടികളുടെ രക്ഷകർതൃസംഘടനയായ അസോസിയേഷന്റെ നിവേദനം ലഭിച്ചിട്ടുണ്ട്. പരിശോധിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

കഴക്കൂട്ടം സൈനിക സ്കൂൾ വിദ്യാർത്ഥികൾക്ക് വാർഷികഫീസ് വർദ്ധിപ്പിച്ചതിന് ആനുപാതികമായി സ്കോളർഷിപ്പ് തുക ഉയർത്താൻ നടപടി

140 (3017) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മാനവശേഷിവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം സൈനിക സ്കൂൾ വിദ്യാർത്ഥികൾക്ക് വാർഷിക ഫീസ് 11,000 രൂപയിൽ നിന്നും 14,000 രൂപയായി 1996-97-ൽ വർദ്ധിപ്പിച്ചതിന് ആനുപാതികമായി സ്കോളർഷിപ്പ് തുക ഉയർത്തുകയുണ്ടായോ ; എങ്കിൽ എന്നു മുതൽ ; ഇതിന് 1996-97-മുതൽ മുൻകാല പ്രാബല്യം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ബി) മുൻകാലങ്ങളിൽ ഇങ്ങനെയുള്ള അവസരങ്ങളിൽ മുൻകാല പ്രാബല്യം നൽകിയിരുന്നോ ; എങ്കിൽ 1996-97 വർഷം മുതൽ മുൻകാല പ്രാബല്യം നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) സ്കോളർഷിപ്പ് തുക ഉയർത്തിയതു മൂലം 1999-2000 വർഷത്തേയ്ക്ക് എത്ര ലക്ഷം രൂപ അധിക ചെലവ് വരും ; 1996-97 വർഷം മുതൽ മുൻകാല പ്രാബല്യം നൽകണമെങ്കിൽ എത്ര രൂപ വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജി.ഒ.ആർ.റ്റി. നം. 786/2000 പൊ. വി. വ. തീയതി. 25-2-2000 പ്രകാരം സ്കോളർഷിപ്പ് തുക 1999-2000 വർഷം മുതൽ ഉയർത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly